**File No.TRANS-C3/108/2019-TRANS** e - 94800/2019

RANSPORT COMMISSIONER
KERALA
RECEIVED ON
26 APR 2019
INWARD

A1

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് – ജീവനക്കാര്യം – സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ, ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ എന്നീ തസ്തികകളിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(സാധാ) നം.170/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 25/04/2019

പരാമർശം:- 1 ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 03.06.1999-ലെ 5328/Rules1-/99/P&ARD-നമ്പർ പരിപത്രം

2 സ.ഉ(അച്ചടി)നമ്പർ.12/2018/ഗതാഗതം തീയതി 04.04.2018.

3 സ.ഉ(അച്ചടി)നമ്പർ.25/2018/ഗതാഗതം തീയതി 22.07.2018.

4 ട്രാൻസ്പോർട് കമ്മീഷണറുടെ 23.03.2019.ലെ നമ്പർ കത്ത്.

ഉത്തരവ്

ട്രാൻസ്പോർട് കമ്മീഷണറുടെ പരാമർശം (4) പ്രകാരമുള്ള കത്തിൽ മോട്ടോർ വാഹന വകുപ്പിൽ നിലവിൽ ഒരു സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറുടെയും രണ്ടു ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറുടെയും ഒഴിവുകൾ നിലവിലുണ്ടെന്നും 2019-ൽ ഇതുവരെ ഡിപ്പാർട് മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടാത്തതിനാൽ പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിഞ്ഞില്ല എന്നും, 30.04.2019-ൽ ശ്രീ.സി.ജെ.പോൾസൺ, റീജിയണൽ ട്രാൻസ്പോർട് ഓഫീസർ, സർവീസിൽ നിന്നും വിരമിക്കും എന്നുള്ളതിനാൽ ടിയാനെ നിലവിലുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറുടെ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട് എന്നും ട്രാൻസ്പോർട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരാമർശം (1) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരമുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറുടെ സീനിയോറിറ്റി ലിസ്റ്റിലെ നിലവിലെ ഏറ്റവും സീനിയർ ആയ ശ്രീ.ഷാജി ജോസഫ്, ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ, മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറേറ്റ്, എറണാകുളം, സോൺ II, നെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ (ടാക്സേഷൻ) ആയി ട്രാൻസ്പോർട് കമ്മീഷണറേറ്റ്, തിരുവനന്തപുരത്തു നിയമിക്കുന്നു.

3)ശ്രീ.ഷാജി ജോസഫിനെ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ (ടാക്സേഷൻ) ആയി താൽക്കാലിക പ്രൊമോഷൻ അനുവദിച്ചതുവഴി മോട്ടോർ വാഹന വകുപ്പിൽ ഒഴിവുവന്ന

ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ തസ്തികയിൽ പരാമർശം (3) പ്രകാരമുള്ള റീജിയണൽ ട്രാൻസ്പോർട് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയർ ആയ ശ്രീ.എം.സുരേഷ്, റീജിയണൽ ട്രാൻസ്പോർട് ഓഫീസറെ (എൻഫോഴ്സ്മെന്റ്, മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറേറ്റ്, തൃശ്ശൂർ, സോൺ I) താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ, മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണറേറ്റ്, എറണാകുളം, സോൺ II ആയി നിയമിക്കുന്നു.

4)30.04.2019-ൽ സർവീസിൽനിന്നും വിരമിക്കുന്ന പരാമർശം (3) പ്രകാരമുള്ള റീജിയണൽ ട്രാൻസ്പോർട് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ രണ്ടാമതായുള്ള ശ്രീ.സി.ജെ.പോൾസൺ, റീജിയണൽ ട്രാൻസ്പോർട് ഓഫീസറെ (എൻഫോഴ്സ്മെന്റ്, ഇടുക്കി), താൽക്കാലിക സ്ഥാനക്കയറ്റം നൽകി ശ്രീ.കെ.എം.ഷാജി, ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മീഷണർ, കോഴിക്കോട്, വിരമിച്ച ഒഴിവിലേക്കും നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിനി .ജെ .ഷുക്കൂർ

ജോയിന്റ് സെക്രട്ടറി

ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പി.എ.

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എ

ട്രാൻസ്പോർട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ